"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. മാലതി.കെ.എസ് ഫയൽ ചെയ്ത W.P(C) 18456/19 നമ്പർ കേസിൻമേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 09.10.2025 ലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2071/2026/LSGD തീയതി,02-11-2026,തിരുവനന്തപുരം

പരാമർശം:-
1. സ.ഉ.(പി) നം.**501/2005**/ധന, തീയതി **25.11.2005.**
2. സ.ഉ.(പി)നം.**61/2010**/ധന, തീയതി **09.02.2010.**
3. സ.ഉ.(കൈ)നം.**173/2018**/ത.സ്വ.ഭ.വ, തീയതി **21.11.2018.**
4. ബഹു. ഹൈക്കോടതിയുടെ WP(c)No.18456/2019 നമ്പറുള്ള 09.10.2025 ലെ വിധിന്യായം.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.05.2026 ലെ LSGD/PD/8845/2023-DEF5 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിലെ ദിവസ വേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മാലതി.കെ.എസ് ടിയാളുടെ സേവനം ക്രമവല്കരിക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനായി ഫയൽ ചെയ്തിരുന്ന **WP(C) 20054/2015** നം. ഹർജിയിലെ **22.02.2016** ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ശ്രീമതി. മാലതി.കെ.എസ് **09.02.2010** മുതൽ

സേവനാനുകൂല്യങ്ങൾ അനുവദിച്ച് കിട്ടുന്നതിനായി ഫയൽ ചെയ്ത **W.P(C) 18456/19** നമ്പർ നമ്പർ കേസിൽ, പരാമർശം (3) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, വിഷയം പുനഃ പരിഗണിച്ചു പരാമർശം (2) ലെ സർക്കാർ ഉത്തരവ് മുതൽ ക്രമവൽക്കുന്നതിനും നിർദേശിച്ചുകൊണ്ടു പരാമർശം (4) പ്രകാരം ബഹു ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു ഹൈക്കോടതിയുടെ പരാമർശം (4) ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. മാലതി.കെ.എസ് നെ പരാമർശം (2) ഉത്തരവിലെ ഉത്തരവ് തീയതിയായ **09.02.2010** പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തികൊണ്ടും എല്ലാ ആനുകൂല്യങ്ങളും അനുവദിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ബഹു. ഹൈക്കോടതിയുടെ **WP(c) No.18456/2019** നമ്പേലുള്ള പരാമർശം (4) ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JASMI O P
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. മാലതി.കെ.എസ്, പാർട്ട് ടൈം സ്വീപ്പർ, അവണൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, അവണൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).
പ്രിൻസിൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ , ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (ഫയൽ നം.ഇപിഎ2/102/2019തസ്വഭവ).

ഉത്തരവിൻ പ്രകാരം
Digitally signed by
Noushad. S
Date: 03-11-2026
09:53:41
സെക്ഷൻ ഓഫീസർ